(ബി) അറ്റകുറ്റപ്പണികൾ അത്യാവശ്യമായിട്ടുള്ള ഉദ്ദേശം 22 കി.മീറ്റർ ദൂരം റോഡ് അടിയന്തിരമായി പണി പൂർത്തിയാക്കി സഞ്ചാരയോഗ്യമാക്കാനു ള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

126 (1345) റോഡിന്റെ വളവുകൾ നേരെയാക്കുന്നതിന് നടപടി

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം-കൂത്താട്ടുകുളം റോഡിൽ പിറവത്തിനും അഞ്ചൽപെ ട്ടിക്കും ഇടയ്ക്കുള്ള വളവുകൾ നേരെയാക്കുന്നതിന് എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്;

(ബി) എന്നത്തേക്ക് ഇതിന്റെ പണികൾ തുടങ്ങുവാൻ കഴിയും;

(സി) പ്രസ്തുത റോഡിൽ തിരുമാറാടിയിൽനിന്ന് അട്ടിൻകുന്ന്, മണ്ണ ത്തൂർ, സെന്റ്ജോർജ് പള്ളി ജംഗ്ഷൻവഴി എം.സി. റോഡിൽ ആറൂരിൽ വന്നെത്തുന്ന റോഡിന്റെ നിർമ്മാണം പൂർത്തിയാകാത്ത ഭാഗം എന്നത്തേക്ക് ഏറ്റെടുത്ത് പണികൾ ആരംഭിക്കും;

(ഡി) ഇതിന് ഇപ്പോൾ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ?

ഉത്തരം

(എ)&(ബി) വളവുകൾ നേരെയാക്കുന്നതിന് വേണ്ട സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കിവരികയാണ്. എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമ തിയും പ്രത്യേകാനുമതിയും നൽകിയശേഷമേ പണി ആരംഭിക്കുവാൻ കഴി യുകയുള്ളൂ.

(സി)&(ഡി) പ്രസ്തുത ഭാഗത്തിന്റെ പണി അറേഞ്ച് ചെയ്യാൻ സൂപ്ര ണ്ടിംഗ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസ രിച്ച് പണി ഏറ്റെടുക്കുന്നതാണ്.

127 (1346) ചെങ്ങന്നൂർ മണ്ഡലത്തിലെ റോഡുകൾ

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാ ഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരം പി.ഡബ്ല്യു.ഡി റോഡുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പി.ഡബ്ല്യു.ഡി. ഏതെല്ലാം എന്നും അവ എന്നാണ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തത് എന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ത്തെ എത്ര കിലോമീറ്റർ ദൂരം റോഡുകൾ പി.ഡബ്ല്യു.ഡി ഏറ്റെടുത്തു എന്നും അതിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരം റോഡുകൾ പുതിയതായി പി.ഡബ്ല്യു.ഡി ഏറ്റെടുത്തു എന്നും വ്യക്തമാ ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) മരാമത്ത് പണികളുടെ വിശദവിവരങ്ങൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ തയ്യാറാക്കാറില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 38.61 കി.മീറ്റർ ദൂരം റോഡ് ഏറ്റെടുത്തിട്ടുണ്ട്.

128 (1347) സുൽത്താൻബത്തേരി-ചുള്ളിയോട്-താളൂർ റോഡ് നിർമ്മാണം

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻബത്തേരി-ചുള്ളിയോട്-താളൂർ റോഡ് നിർമ്മാണ പ്രവർത്തന നടപടി ഏതുഘട്ടം വരെയായെന്ന് വിശദമാക്കുമോ;

(ബി) എസ്റ്റിമേറ്റിൽ എത്ര തുകയാണ് ചെലവു പ്രതീക്ഷിക്കുന്നത്;

(സി) റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ എന്നാരംഭിക്കും എന്നറിയിക്കുമോ;

(ഡി) കാലതാമസം കൂടാതെ പ്രവൃത്തി ആരംഭിക്കുവാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) സുൽത്താൻബത്തേരി-ചുള്ളിയോട്-താളൂർ റോഡ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കികൊണ്ടിരിക്കുന്നു.

(ബി) ഉദ്ദേശം 50 ലക്ഷം രൂപ.

(സി)&(ഡി) ഭരണാനുമതിയും പ്രത്യേകാനുമതിയും സാങ്കേതികാനുമതിയും നൽകിയശേഷം പണി തുടങ്ങാവുന്നതാണ്.

129 (1348) മുള്ളി-താവളം റോഡുപണി

ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിലെ മുള്ളി-താവളം റോഡിന്റെ പണി കഴിഞ്ഞ ഏറെ കാലമായി നടക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അടിയന്തിരമായി ഈ റോഡിന്റെ പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റോഡുവികസനത്തിനായി 140 ലക്ഷം രൂപയുടെ ഒരു ഏകദേശ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭിച്ചത് പരിശോധിച്ചുവരുന്നു. ഭരണാനുമതി നൽകി ആവശ്യമായ ബഡ്ജറ്റ് വിഹിതവും ലഭി

LIBRARY ARCHIVES Kerala Legislative Assembly